"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അക്കാദമികം - നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള സർക്കാർ നിരാക്ഷേപ പത്രം അനുവദിക്കുന്നത് - കോട്ടയം ന്യൂ സാൽവേഷൻ മിഷനു കീഴിൽ മംഗളം കോളേജ് ഓഫ് നേഴ്സിംഗ് ആരംഭിക്കുന്നത് - സ്ഥാപനത്തിൽ പുനഃപരിശോധന നടത്തുന്നതിനായി മൂന്നംഗ കമ്മറ്റിയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1975/2024/H&FWD തീയതി, തിരുവനന്തപുരം, 17-08-2024

---

പരാമർശം:-

1. സ.ഉ (അ) നം.64/2012/ആ.കു.വ തീയതി 17.02.2012.
2. കോട്ടയം ന്യൂ സാൽവേഷൻ മിഷൻ ന്യൂ ഫൗണ്ടർ ട്രസ്റ്റീ നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിനായി സമർപ്പിച്ച 23.06.2023 തീയതിയിലെ അപേക്ഷ.
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 30.12.2023 തീയതിയിലെ മെ.വി.വ/4462/2023-ബി4 നമ്പർ കത്തിനോടൊപ്പം ലഭ്യമായ പരിശോധന റിപ്പോർട്ട്.
4. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 30.12.2023 തീയതിയിലെ മെ.വി.വ/4462/2023-ബി4 നമ്പർ കത്തിനോടൊപ്പം ലഭ്യമായ പുനഃപരിശോധന റിപ്പോർട്ട്.
5. 27.02.2024 തീയതിയിൽ ബഹു.ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചു ചേർത്ത യോഗനടപടിക്കുറിപ്പ്
6. ബഹു.കേരള ഹൈക്കോടതി WA No.842/2024 നമ്പർ കേസിൽ 30.07.2024 തീയതിയിൽ പുറപ്പെടുവിച്ച വിധി.
7. ശ്രീ ബിജു വർഗ്ഗീസ്, ന്യൂ സാൽവേഷൻ മിഷൻ ന്യൂ ഫൗണ്ടർ ട്രസ്റ്റീ, കോട്ടയം സമർപ്പിച്ച 05.08.2024 തീയതിയിലെ അപേക്ഷ.

**<u>ഉത്തരവ്</u>**

കോട്ടയം ന്യൂ സാൽവേഷൻ മിഷനു കീഴിൽ മംഗളം കോളേജ് ഓഫ് നേഴ്സിംഗ് എന്ന പേരിൽ പുതിയ നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം ആവശ്യപ്പെട്ട് ശ്രീ ബിജു വർഗ്ഗീസ്, ന്യൂ ഫൗണ്ടർ ട്രസ്റ്റി, ന്യൂ സാൽവേഷൻ മിഷൻ, കോട്ടയം പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (1) ഉത്തരവ് പ്രകാരം നിഷ്കർഷിക്കുന്ന

പരിശോധന സ്ഥാപനത്തിൽ നടത്തി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (3), (4) പരിശോധന റിപ്പോർട്ടുകൾ സർക്കാർ പരിശോധിക്കുകയും സ്ഥാപനത്തിൽ ന്യൂനതകൾ ഉള്ളതായി ബോധ്യപ്പെടുകയും ചെയ്തതിനാൽ ന്യൂ സാൽവേഷൻ മിഷനു കീഴിൽ മംഗളം കോളേജ് ഓഫ് നേഴ്സിംഗ് ആരംഭിക്കുന്നത് സംബന്ധിച്ച് 27.02.2024 തീയതിയിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉദ്യോഗസ്ഥതല യോഗം വിളിച്ചു ചേർത്തിരുന്നു. ടി യോഗ തീരുമാനപ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ ഉദ്യോഗസ്ഥരുടെ ഒരു സംഘത്തെ നിർദ്ദിഷ്ട സ്ഥാപനത്തിൽ പരിശോധനയ്ക്കായി നിയോഗിച്ചു. പുനഃപരിശോധനയ്ക്കെതിരെ ശ്രീ ബിജു വർഗ്ഗീസ് ബഹു.ഹൈക്കോടതി മുൻപാകെ W.P (C) No. 12570/2024 ഫയൽ ചെയ്തു. ശ്രീ ബിജു വർഗ്ഗീസ്, സിംഗിൾ ബഞ്ചിന്റെ വിധിക്കെതിരായി ബഹു.ഹൈക്കോടതിയിൽ W.A No.842/2024 ഫയൽ ചെയ്യുകയുണ്ടായി. W.A No.842/2024 - ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിലെ ഖണ്ഡിക നം. 3 ചുവടെ ചേർക്കുന്നു.

'*There is no embargo under law for any authority to conduct even a surprise inspection to find out the facilities provided in the College to ensure that they function in accordance with law. If the appellant insists on a further inspection it shall be video-graphed by the officials. The entire cost of videography shall be met by the appellant*'.

2 . മേൽ വിധിയുടെ അടിസ്ഥാനത്തിൽ നിരാക്ഷേപ പത്രം അനുവദിക്കുന്നതിൽ അന്തിമ തീരുമാനം ആവശ്യപ്പെട്ട് ശ്രീ ബിജു വർഗ്ഗീസ് പരാമർശം (7) അപേക്ഷ സർക്കാരിൽ സമർപ്പിച്ചു. നേഴ്സിംഗ് വിദ്യാഭ്യാസ സ്ഥാപനത്തിലെ സൗകര്യങ്ങൾ സംബന്ധിച്ചും മാതൃ ആശുപത്രി സംബന്ധിച്ചും വ്യക്തത ആവശ്യമുള്ളതിനാൽ മംഗളം കോളേജ് ഓഫ് നേഴ്സിംഗ്, മംഗളം കാംപസ്, നടുവട്ടം പി.ഒ., മലയാറ്റൂർ, എറണാകുളം എന്ന സ്ഥാപനത്തിലും മാതൃ ആശുപത്രിയിലും പരിശോധന നടത്തി വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി മൂന്നംഗ സമിതിയെ നിയോഗിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു. പരിശോധന റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

<u>സമിതി അംഗങ്ങൾ</u>

1. ജോയിന്റ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്
2. ജോയിന്റ് ഡയറക്ടർ ഓഫ് നേഴ്സിംഗ് എഡ്യൂക്കേഷൻ, തിരുവനന്തപുരം.
3. രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

ജോയിന്റ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള നഴ്സസ് & മിഡൈ്വവ്സ് കൗൺസിൽ, തിരുവനന്തപുരം.
ന്യൂ ഫൗണ്ടർ ട്രസ്റ്റീ, ന്യൂ സാൽവേഷൻ മിഷൻ, മംഗലപ്പള്ളി വീട്, മുട്ടമ്പലം, കോട്ടയം - 686 004.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 17-08-2024 16:14:26
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.